## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **742** **09.08.2017**-ൽ മറുപടിയ്ക്ക്

## ചക്കിലിയൻ/അരുന്ധതിയാർ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എം. നൗഷാദ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗമായ ചക്കിലിയൻ/അരുന്ധതിയാർ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ; | (എ) | 1950-ന മുമ്പ് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത ചക്ലിയൻ/അരുന്ധതിയാർ സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 1950 ന് മുമ്പ് കേരളത്തിൽ ചക്കിലിയൻ/അരുന്ധതിയാർ ജാതി നിലവില്ലുണ്ടായിരുന്നില്ലെന്നും, അതിനാൽ ഈ ജാതിയിൽപ്പെടുന്നവരും കേരളത്തിൽ സ്ഥിരതാമസക്കാരുമായവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന 1986 ലെ 10/86/എസ്.സി.എസ്.ടി ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | 1950-ന ശേഷം കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്തവർക്ക് സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത്, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 12.02.1986-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) 10/86/പജ.പവ.വി.വ നമ്പർ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം 1950-ന മുമ്പ് കുടിയേറിയവർക്ക് മാത്രമേ ഈ സംസ്ഥാനത്തിന്റെ പട്ടികജാതി സമുദായ സർട്ടിഫിക്കറ്റിന് അർഹതയുള്ളു.<br><br>കുടിയേറ്റ വിഷയവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭരണഘടനാവ്യവസ്ഥയിൽ മാറ്റം വരുത്തിയാൽ മാത്രമേ സംസ്ഥാന സർക്കാരിന് മേൽ ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാൻ കഴിയുകയുള്ളു. ഇക്കാര്യത്തിലുള്ള പ്രായോഗിക വൈഷമ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ